"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് – വിദ്യാർത്ഥികളുടെ അക്കാദമിക്, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി **സർക്കാർ കോളേജുകളിലെ** പി.ഡി. (PD) അക്കൗണ്ടിലെ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1253/2026/HEDN തീയതി, തിരുവനന്തപുരം, 01-10-2026

---

പരാമർശം:-

1. 26.10.2017-ലെ സ.ഉ.(സാധാ) നം. 1939/2017/ഉ.വി.വ
2. 21.10.2021-ലെ സ.ഉ.(സാധാ) നം. 1400/2021/ഉ.വി.വ
3. 12.05.2022-ലെ സ.ഉ.(സാധാ) നം. 677/2022/ഉ.വി.വ
4. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 21.06.2025-ലെ DCETVM/5444/2025-K2 നമ്പർ കത്ത്.
5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 24.07.2026-ലെ DCETVM/2215/2026-K2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം വിദ്യാർത്ഥികളുടെ അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി **സർക്കാർ / എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ** പി.ഡി (PD) അക്കൗണ്ട് തുക ഉപയോഗിച്ച് കംപ്യൂട്ടറുകൾ, ഫർണിച്ചറുകൾ, ടോയ്‌ലറ്റുകൾ, ലൈബ്രറി, ലബോറട്ടറികൾ, ക്ലാസ് മുറികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ലബോറട്ടറി ഉപകരണങ്ങളും (കംപ്യൂട്ടർ, ടെലിവിഷൻ ഒഴികെ) പുസ്തകങ്ങളും വാങ്ങുന്നതിനും, എൽ.എം.എസ് (LMS) പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനും, ഡിജിറ്റലൈസേഷൻ, ഡി.ഡി.എഫ്.എസ് (DDFS) എന്നിവയ്ക്കും തുക വിനിയോഗിക്കുവാൻ അനുമതി നൽകിയിരുന്നു.

2. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കും ദൈനംദിന അക്കാദമിക/അക്കാദമികേതര പ്രവൃത്തികൾക്കായി പി.ഡി അക്കൗണ്ടിലെ തുക വിനിയോഗിക്കുന്നതിനായി നിലവിലെ ഉത്തരവുകളുടെ വ്യാപ്തി വിപുലീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയും **സർക്കാർ കോളേജുകളിലെ** പി ഡി അക്കൗണ്ടിൽ നിന്നും വിനിയോഗം നടത്തുവാൻ സാധിക്കുന്ന പ്രവൃത്തികൾ കണ്ടെത്തി പരാമർശം (5) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി **സർക്കാർ കോളേജുകളിലെ** പി.ഡി അക്കൗണ്ടിലെ തുക താഴെ പറയുന്ന ആവശ്യങ്ങൾക്ക് കൂടി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു:

1. ക്ലാസ് റൂം/ ലാബ് / ലൈബ്രറി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി ബെഞ്ച്, ഡെസ്ക് തുടങ്ങിയവയുടെ പർച്ചേസ്.
2. സംഗീത കോളേജുകളിൽ പഠന ആവശ്യത്തിനുള്ള സംഗീത ഉപകരണങ്ങൾ വാങ്ങൽ, അറ്റകുറ്റപ്പണികൾ നടത്തുക.

3. ലൈബ്രറികളിൽ KOHA സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷൻ, സർവീസിങ്.
4. ജനറേറ്റർ റിപ്പയർ-ഇന്ധനം വാങ്ങൽ.
5. കുടിവെള്ള ടാങ്ക് / കിണർ വൃത്തിയാക്കൽ.
6. ഇലക്ട്രോണിക് (CCTV ഉൾപ്പെടെ)/ ഇലക്ട്രിക്കൽ/ പ്ലംബിങ് ഉപകരണങ്ങളുടെ മെയിന്റനൻസ്.
7. A3/A4 പേപ്പറുകൾ, പ്രിന്റർ കം ഫോട്ടോകോപ്പിയർ, UPS തുടങ്ങിയവ വാങ്ങുന്നതും അവയുടെ റിപ്പയറും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ& ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
നോഡൽ ഓഫീസർ, https://highereducation.kerala.gov.in/
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ (സി2/117/2026-ഉ.വി.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Sheeba Jayadevan
Date: 01-10-2026
15:58:59
സെക്ഷൻ ഓഫീസർ